വയോജന സംരക്ഷണം

295 (1673) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരാലംബരായ വയോജനങ്ങളുടെയും മക്കൾ ഉണ്ടായിട്ടും സംരക്ഷിക്കപ്പെടാത്ത വയോജനങ്ങളുടെയും സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് നാളിതുവരെയായി ചെയ്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കാത്തതിന്റെ പേരിൽ എത്ര മക്കൾക്കെതിരെ കേസെടുത്തിട്ടുണ്ട്; എത്രപേരുടെ സ്വത്തുവകകൾ കണ്ടുകെട്ടിയിട്ടുണ്ട്; വിശദാംശം നൽകാമോ;

(സി) മാതാപിതാക്കളെ സംരക്ഷിക്കാത്ത മക്കൾക്കെതിരെ നിയമനടപടികൾ കർശനമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിരാലംബരായ വയോജനങ്ങളുടെ സംരക്ഷണത്തിനായി 16 ഗവൺമെന്റ് വൃദ്ധസദനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. (11 വൃദ്ധസദനങ്ങളും 4 വൃദ്ധ വികലാംഗ സദനങ്ങളും ഒരു ഡിമെൻഷ്യാ കെയർ സെന്റർ & വൃദ്ധസദനവും) ഈ വൃദ്ധസദനങ്ങളിലൂടെ നിരാലംബരായ വൃദ്ധർക്ക് ആഹാരം, മരുന്ന്, വസ്ത്രം മറ്റ് ദൈനംദിന ചെലവുകൾ എന്നിവ സൗജന്യമായി നൽകിവരുന്നു.

ഗവൺമെന്റ് വൃദ്ധസദനങ്ങളിൽ താമസിക്കുന്ന താമസക്കാർക്ക് ആയുർവേദ ചികിത്സയായി വയോ അമൃതം എന്ന ഒരു പദ്ധതി, ഭാരതീയ ചികിത്സാ വകുപ്പുമായി ചേർന്ന് നടപ്പിലാക്കിവരുന്നു. 65 വയസ്സുകഴിഞ്ഞ വയോജനങ്ങൾക്കായി വയോമിത്രം എന്ന പേരിൽ ഒരു ആരോഗ്യ സംരക്ഷണ പദ്ധതി സാമൂഹ്യ സുരക്ഷ മിഷൻ വഴി നടപ്പിലാക്കിവരുന്നു.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) മാതാപിതാക്കളെ സംരക്ഷിക്കാത്ത മക്കൾക്കെതിരെ നിയമ നടപടികൾ കർശനമാക്കുന്നതിന് അടിയന്തരമായി നടപടികൾ സ്വീകരിക്കുന്നതിനും നിയമത്തെക്കുറിച്ച് ജനങ്ങളിൽ ബോധവത്ക്കരണം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

വയോജന സംരക്ഷണം

296(1674) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ സാധിക്കാത്ത സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly